**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 201** **07-06-2021 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ മേഖലയിൽ നടത്തുന്ന മാതൃകാ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ.വി.സുമേഷ്** | | **Smt Veena George<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** | |
| (എ) | ആരോഗ്യ മേഖലയിൽ സർക്കാർ നടത്തുന്ന മാതൃകാ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി ദേശീയ ആരോഗ്യ സൂചികയിൽ നമ്മുടെ സംസ്ഥാനത്തിന് 22 മാനദണ്ഡങ്ങളിലും ഒന്നാമതെത്തുന്നതിന് സാധ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ദേശീയ ആരോഗ്യസൂചികയിൽ 14 മാനദണ്ഡങ്ങളിൽ കേരളം ഒന്നാമത് എത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | മികവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എത്ര സർക്കാർ ആശുപത്രികൾക്കാണ് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്-ന്റെ അംഗീകാരം നിലവിൽ ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | ആരോഗ്യവകുപ്പിന് കീഴിൽ നിലവിൽ 119 ആരോഗ്യസ്ഥാപനങ്ങൾക്കാണ് എൻ.ക്യൂ.എ.എസ് അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ളത്. (ജില്ലാ ആശുപത്രികൾ-3 താലൂക്ക് ആശുപത്രികൾ -4, സി.എച്ച്.സി-7, അർബൻ പ്രൈമറി ഹെൽത്ത് സെന്റർ-28, എഫ്.എച്ച്.സി -77 ) |
| (സി) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് രോഗികൾക്ക് മികച്ച ചികിത്സ ലഭ്യമാക്കുന്നതിന് നൂതന പദ്ധതികൾ ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ? | (സി) | മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ഉതകുന്ന വിധത്തിൽ 2021-2022 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ആവശ്യമായ തുക അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള നൂതന പദ്ധതികൾക്ക് പുറമേ മോളിക്യുലാർ ഡയഗ്നോസ്റ്റിക് സെന്ററിന് വേണ്ടിയും അപ്പക്സ് ട്രോമാ ആന്റ് എമർജൻസി ലേണിംഗ് സെന്ററിന് വേണ്ടിയും ഫണ്ട് വകയിരുത്തിയിട്ടുണ്ട്. കൂടാതെ എല്ലാ മെഡിക്കൽ കോളേജുകളിലും ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ മെഡിക്കൽ കോളേജുകളിൽ രോഗീ സൗഹൃദ ചുറ്റുപാട് സൃഷ്ടിക്കാൻ വേണ്ടിയുള്ള ആർദ്രം, ഇ-ഹെൽത്ത് പദ്ധതിയുൾപ്പെടെയുള്ള നടപടികളും പുരോഗമിക്കുകയാണ്. മെഡിക്കൽ കോളേജുകളിൽ ഇന്റർവെൻഷണൽ റേഡിയോളജി ഉൾപ്പെടെ അത്യാധുനിക ഇമേജിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തി വരുന്നു. ഇതിന് ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. ആധുനിക |

| | | | |
|---|---|---|---|
| | | | സംവിധാനങ്ങളോട്ടു കൂടിയുള്ള എമർജൻസി മെഡിസിൻ ഡിപ്പാർട്ട്മെന്റുകളും ട്രോമ കെയർ യൂണിറ്റുകളും സജ്ജമാക്കി വരുന്നു. കാൻസർ വിഭാഗത്തെ ടെർഷ്യറി കാൻസർ കെയർ സെന്ററുകളായി ഉയർത്താനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ